ഉത്തരം

(എ&ബി) പുതിയ പാലം നിർമ്മിക്കുന്നതിന് വേണ്ടി 230 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു. പുതുക്കിയ ഷെഡ്യൂളിൽ 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി**

252 (4884) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊള്ളാച്ചി ഗേജ് മാറ്റം പണി പൂർത്തീകരണ ഘട്ടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പണികൾ പൂർത്തീകരിക്കുന്നതോടെ കൊല്ലങ്കോട്-പാലക്കാട് റൂട്ടിലെ റോഡു ഗതാഗതത്തിന് വലിയതോതിൽ തടസ്സം ഉണ്ടാവുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഗതാഗത തടസ്സം നീക്കുന്നതിനായി ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഊട്ടറയിൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല

(സി&ഡി) ഊട്ടറയിൽ ഗുരുതരമായ ഗതാഗത് തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ റെയിൽവേ മേൽപ്പാലം പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

253 (4885) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയിട്ടുള്ളതും അല്ലാത്തതും ഭരണാനുമതി നൽകിയവയുടെ ജി.ഒ. നമ്പറും തീയതിയും സഹിതം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും അല്ലാത്തവ അനുബന്ധം 3 ആയും ചേർത്തിരിക്കുന്നു.*

## ഗുണനിലവാര പരിശോധനയ്ക്ക് ക്വാളിറ്റി മാന്വൽ

254 (4886) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിലുള്ള ഗുണനിലവാര പരിശോധനയ്ക്ക് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള വിവിധ തലങ്ങളിലെ ഗുണനിലവാര പരിശോധന സംബന്ധിച്ച നിബന്ധനകൾ വിശദമാക്കുമോ ;

(സി) പൊതുമരാമത്ത് പ്രവൃത്തികൾ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലല്ല നടത്തിയത് എന്ന് തെളിഞ്ഞാൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. ഗവൺമെന്റ് സർക്കുലർ നമ്പർ 10434/സി 3/2014/ പൊ.മ.വ തീയതി 8-5-2014 പ്രകാരം രണ്ട് തലത്തിലുള്ള ഗുണനിലവാര പരിശോധന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly